പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :656 29.11. 2018 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിൽ സുരക്ഷാനയം

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ സുരക്ഷാനയം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുസംബന്ധിച്ച് കേന്ദ്ര വൈദ്യുത അതോറിറ്റി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. സി.ഇ.എ സേഫ്റ്റി റെഗുലേഷൻ 2011. |
| (സി) ഹൈടെൻഷൻ, ലോടെൻഷൻ ലൈനുകളിൽ അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഈ ലൈനുകളിൽ പ്രത്യേക സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. എച്ച്.റ്റി, എൽ.റ്റി ലൈനുകളുടെ നിർമ്മാണവും പരിപാലനവും ചെയ്യുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടിക്രമങ്ങൾ (സേഫ്റ്റി പ്രൊസീജിയർ) തയ്യാറായിട്ടുണ്ട്. ടി ലൈനുകളിൽ പ്രവൃത്തിചെയ്യുന്ന ബോർഡിലെ എല്ലാ ലൈൻമാൻമാർക്കും 14 ഇനം സേഫ്റ്റി ഉപകരണങ്ങൾ അടങ്ങുന്ന സേഫ്റ്റി കിറ്റ് നൽകി കഴിഞ്ഞിട്ടുണ്ട്.<br>സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി സി.ഇ.എ നിഷ്കർഷിക്കുന്ന രീതിയിലുള്ള പരിശീലനം മുഴുവൻ ജീവനക്കാർക്കും നൽകികഴിഞ്ഞു.<br>അപകടങ്ങളുടെ വിശകലനവും കേസ് സ്റ്റഡിയും അടങ്ങിയ ശില്പശാല എല്ലാ ജീവനക്കാർക്കും നൽകികഴിഞ്ഞു. ആധുനികരീതിയിലുള്ള വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ (ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് രീതി) 01.09.2018 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരാർ തൊഴിലാളികൾ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഡി) മുഴുവൻ കരാർ ജീവനക്കാർക്കും സുരക്ഷാ ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് നൽകുവാനും, ടി പണം തവണകളായി സ്വീകരിക്കാനും, ഇനിമുതൽ സുരക്ഷാ ഉപകരണങ്ങൾ ഇല്ലാത്ത കരാർ ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിക്കേണ്ടായെന്നും ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സുരക്ഷാ ഉപകരണങ്ങൾ കരാർ ജീവനക്കാർ വാങ്ങി തുടങ്ങിയിട്ടുണ്ട്. |

| | |
|---|---|
| | സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി സി.ഇ.എ നിഷ്കർഷിക്കുന്ന രീതിയിൽ ഉള്ള പരിശീലനം കരാർ ജീവനക്കാർക്ക് നൽകികഴിഞ്ഞു. അപകടങ്ങളുടെ വിശകലനവും കേസ് സ്റ്റഡിയും അടങ്ങിയ ശില്പശാല മുഴുവൻ കരാർ തൊഴിലാളികൾക്കും നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ